**The Kerala Agricultural Income Tax (Repeal) Act, 2021**

Act No. 3 of 2023

**Keywords:**

*An Act to repeal the Kerala Agricultural Income Tax Act, 1991*

DISCLAIMER: This document is being furnished to you for your information by PRS Legislative Research (PRS). The contents of this document have been obtained from sources PRS believes to be reliable. These contents have not been independently verified, and PRS makes no representation or warranty as to the accuracy, completeness or correctness. In some cases the Principal Act and/or Amendment Act may not be available. Principal Acts may or may not include subsequent amendments. For authoritative text, please contact the relevant state department concerned or refer to the latest government publication or the gazette notification. Any person using this material should take their own professional and legal advice before acting on any information contained in this document. PRS or any persons connected with it do not accept any liability arising from the use of this document. PRS or any persons connected with it shall not be in any way responsible for any loss, damage, or distress to any person on account of any action taken or not taken on the basis of this document.

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 ജനുവരി 07<br>07th January 2023<br>1198 ധനു 23<br>23rd Dhanu 1198<br>1944 പൌഷം 17<br>17th Pousha 1944 | നമ്പർ<br>No. 62 |


### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 17755/ലെഗ്. എ2/2021/നിയമം.

*തിരുവനന്തപുരം, 2023 ജനുവരി 6*
*1198 ധനു 22*
*1944 പൌഷം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 ജനുവരി 5-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2023-ലെ 3-ാം ആക്റ്റ്

## 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ്

1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—(1) 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ഉണ്ടായിട്ടുള്ള ഏതെങ്കിലും പിഴയെയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലില്ലാതിരുന്നതോ നിലവിലില്ലാതിരുന്നതോ ആയ ഏതൊരു കാര്യത്തേയും പുനരുജ്ജീവിപ്പിക്കുകയോ; അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തേയോ അതിൻ കീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിൻ കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ;

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം, ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ മുൻപാകെ തീർപ്പാക്കാതെ നിലവിലിരിക്കുന്ന ഏതെങ്കിലും അപേക്ഷയോ അപ്പീലോ റിവിഷനോ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ തീർപ്പാക്കേണ്ടതാണ്;

(ബി) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്;

(സി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ കാർഷികാദായത്തിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-A) Department**

## NOTIFICATION

No. 17755/Leg.A2/2021/Law.

*Dated, Thiruvananthapuram, 6th January, 2023*
*22nd Dhanu, 1198*
*16th Pousha, 1944.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Agricultural Income Tax (Repeal) Act, 2021 (3 of 2023).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ്" published under the authority of the Governor.]

## ACT 3 OF 2023

## THE KERALA AGRICULTURAL INCOME TAX (REPEAL) ACT, 2021

*An Act to repeal the Kerala Agricultural Income Tax Act, 1991.*

*Preamble*.—WHEREAS, it is expedient to repeal the Kerala Agricultural Income Tax Act, 1991 (15 of 1991);

BE it enacted in the Seventy-third Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Agricultural Income Tax (Repeal) Act, 2021.

(2) It shall come into force at once.

2. *Repeal and Saving*.—(1) The Kerala Agricultural Income Tax Act, 1991 (15 of 1991) (hereinafter referred to as the repealed Act) is hereby repealed:

Provided that such repeal shall not,—

(a) affect anything done or any offence committed, or any fine or penalty incurred or any proceedings initiated before the commencement of this Act; or

(b) revive anything not in force or existing at the time at which the repeal takes effect; or

(c) affect the previous operation of the repealed Act or anything duly done or suffered thereunder; or

(d) affect any right, privilege, obligation or liability acquired, accrued or incurred under the repealed Act; or

(e) affect any fine, penalty, forfeiture or punishment incurred in respect of any offence committed against the repealed Act; or

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(f) affect any investigation, legal proceedings or remedy in respect of any such right, privilege, obligation, liability, fines, penalty, forfeiture or punishment as aforesaid; and any such investigation, legal proceeding or remedy may be instituted, continued or enforced, and any such fine, penalty, forfeiture or punishment may be imposed, as if this Act had not been passed.

(2) Notwithstanding such repeal,—

(a) any application, appeal or revision preferred and pending before any authority or officer appointed under the repealed Act, on the date of commencement of this Act, shall be heard and disposed of by such authority as if this Act had not been passed;

(b) any appeal preferred and pending before the appellate authority appointed under the repealed Act, on the date of commencement of this Act, shall be heard and disposed of by such authority as if this Act had not been passed;

(c) Nothing contained in sub-section (1) shall affect the right to continue and complete the proceedings pending as on the commencement of this Act, with regard to the assessment of tax, including the tax omitted to be assessed on the agricultural income, imposition of tax, collection of tax, levying as per the repealed Act and the liability to pay the amount due from any person, and any right to get the refund of the amount, under the repealed Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/